## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1081

20.03.2012-ൽ
മറുപടി നൽകേണ്ടത്

### കൈവശാവകാശരേഖ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( റവന്യൂ വകുപ്പ് മന്ത്രി) |
| (എ) തലമുറകളായി കുടികിടപ്പായി അനുഭവിക്കുന്ന ഭൂമിക്ക് കൈവശാവകാശ രേഖകൾ നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; | (എ)ജൻമാവകാശമുള്ള ഭൂമിക്കും കുടികിടപ്പു പട്ടയം അനുവദിച്ച കേസുകളിലും മാത്രമാണ് കൈവശരേഖ നൽകിവരുന്നത്. |
| (ബി) ഇത്തരത്തിൽ പട്ടയം അനുവദിക്കുന്നതിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. പഞ്ചായത്തതിർത്തിയിൽ 10 സെന്റ്, മുനിസിപ്പൽ അതിർത്തിയിൽ 5 സെന്റ്, കോർപ്പറേഷൻ അതിർത്തിയിൽ 3 സെന്റ് എന്നിങ്ങനെയാണ് പരിധി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) ഇതോടൊപ്പം സ്വയം ആർജ്ജിക്കുന്ന വസ്തുവകകൾ കൂടി പരിധിക്കകത്തു വരുമോ; | (സി) ഇല്ല. |
| (ഡി) ലാൻഡ് ട്രിബ്യൂണലിന്റെ തീരുമാനങ്ങൾ പരിശോധിച്ച് അതിൻപ്രകാരം കൈവശാവകാശരേഖകൾ നൽകുമോ? | (ഡി) ലാന്റ് ട്രിബ്യൂണലിൽ കുടികിടപ്പു കേസ് തീർപ്പാക്കി പട്ടയം അനുവദിക്കുന്ന കേസുകളിൽ മാത്രമാണ് കൈവശാവകാശ രേഖകൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ